# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചാലിശ്ശേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം.കെ.എസ്.എ-പികെഡി20/1437/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 07/07/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചാലിശ്ശേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചാലിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചാലിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെ.എസ്.എ-പികെഡി20/1437/2022 തീയ്യതി: 07/07/2022

## പാലക്കാട് ജില്ലയിലെ ചാലിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ ചാലിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 09-11-2020 മുതൽ 09-06-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 20-06-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ശശിഭൂഷൺ.ഇ | ഡെപ്യൂട്ടി ഡയറക്ടർ | 10-06-2022 | 20-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 10-06-2022 | 20-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. മുഹമ്മദ് ഫാറൂഖ്.കെ.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. രാമകൃഷ്ണൻ.കെ.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.കൃഷ്ണദാസ് എൻ.വി, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.അക്ബർ ഫൈസൽ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 20-12-2020 |

| | | | |
|---|---|---|---|
| ശ്രീമതി.എ.വി സന്ധ്യ | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ശ്രീമതി പി.എൻ സാവിത്രിക്കുട്ടി | സെക്രട്ടറി | 01-04-2020 | 31-03-2021 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ശ്രീജിത്ത് പി | അസി.സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി.ഷഹനാ ഹംസ.എൻ.എ | കൃഷി ഓഫീസർ | 01-04-2020 | 24-06-2020 |
| ശ്രീമതി ചിന്നു ജോസഫ് കാട്ടൂർ | കൃഷി ഓഫീസർ | 25-06-2020 | 31-03-2021 |
| ശ്രീമതി സുനിത.കെ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഡോ.കാർത്തിക .പി.ആർ | വെറ്ററിനറി സർജ്ജൻ | 01-04-2020 | 15-09-2020 |
| ഡോ.ജ്യോതിഷ് കുമാർ | വെറ്ററിനറി സർജ്ജൻ | 16-09-2020 | 31-03-2021 |
| ശ്രീ.ജോർജ്ജ് .ടി.സി | ഹെഡ് മാസ്റ്റർ | 01-04-2020 | 31-05-2020 |
| ശ്രീ.മൊയ്തീൻകുട്ടി | ഹെഡ് മാസ്റ്റർ | 01-06-2020 | 31-03-2021 |
| ഡോ.ശ്രീജിത്ത്.എസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |
| ശ്രീ.സജീവ് | അസി. എഞ്ചിനിയർ | 01-04-2020 | 31-03-2021 |
| ഡോ.ഇ.സുഷമ | മെഡിക്കൽ ഓഫീസർ, സാമൂഹിക ആരോഗ്യ കേന്ദ്രം | 01-04-2020 | 11-02-2021 |
| മെഡിക്കൽ ഓഫീസർ, സാമൂഹിക ആരോഗ്യ കേന്ദ്രം | മെഡിക്കൽ ഓഫീസർ, സാമൂഹിക ആരോഗ്യ കേന്ദ്രം | 12-02-2021 | 31-03-2021 |
| ശ്രീമതി.ഏലിയാമ്മ ജേക്കബ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.ജിസ റോസ് ജോബ് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: K.P.Ramakrishnan (Asst. Audit Officer, On 20-06-2022)<br>Last Updated By: Haseena KU (Computer Assistant, On 07-07-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: K.P.Ramakrishnan (Asst. Audit Officer, On 15-06-2022)<br>Last Updated By: Haseena KU (Computer Assistant, On 07-07-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: K.P.Ramakrishnan (Asst. Audit Officer, On 15-06-2022)<br>Last Updated By: Haseena KU (Computer Assistant, On 07-07-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: K.P.Ramakrishnan (Asst. Audit Officer, On 15-06-2022)<br>Last Updated By: Haseena KU (Computer Assistant, On 07-07-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: K.P.Ramakrishnan (Asst. Audit Officer, On 15-06-2022)<br>Last Updated By: Haseena KU (Computer Assistant, On 07-07-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: K.P. Muhammed Farook (Asst. Audit Officer, On 20-06-2022)<br>Last Updated By: Haseena KU (Computer Assistant, On 07-07-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: K.P.Ramakrishnan (Asst. Audit Officer, On 15-06-2022)<br>Last Updated By: Haseena KU (Computer Assistant, On 07-07-2022) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: K.P.Ramakrishnan (Asst. Audit Officer, On 05-07-2022)<br>Last Updated By: Haseena KU (Computer Assistant, On 07-07-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: K.P. Muhammed Farook (Asst. Audit Officer, On 23-06-2022)<br>Last Updated By: Haseena KU (Computer Assistant, On 07-07-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: K.P.Ramakrishnan (Asst. Audit Officer, On 15-06-2022)<br>Last Updated By: Haseena KU (Computer Assistant, On 07-07-2022) | 1-10 |
| 11 | സർക്കാർ വിജ്ഞാപനങ്ങൾക്ക് അനുസൃതമായി എല്ലാ ഉപയോഗക്രമങ്ങൾക്കും വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ചിട്ടില്ല.<br>Written By: Krishnadas.N.V (Auditor, On 25-06-2022)<br>Last Updated By: Haseena KU (Computer Assistant, On 07-07-2022) | 1-11 |
| 12 | അനധികൃത കെട്ടിട നിർമ്മാണങ്ങളുടെ വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ<br>Written By: Krishnadas.N.V (Auditor, On 25-06-2022)<br>Last Updated By: Haseena KU (Computer Assistant, On 07-07-2022) | 1-12 |
| 13 | ഗ്രാമപഞ്ചായത്തിന്റെ ആസ്തിയായുള്ള ഓഡിറ്റോറിയം- വാടക പിരിവ് കാര്യക്ഷമമാക്കുന്നത് സംബന്ധിച്ച്<br>Written By: Krishnadas.N.V (Auditor, On 25-06-2022)<br>Last Updated By: Haseena KU (Computer Assistant, On 07-07-2022) | 1-13 |
| 14 | ടർഫുകൾ, ജിംനേഷ്യങ്ങൾ എന്നിവയെ ലൈസൻസ് പരിധിയിൽ കൊണ്ടു വരേണ്ടതാണ്<br>Written By: Krishnadas.N.V (Auditor, On 25-06-2022)<br>Last Updated By: Krishnadas.N.V (Auditor, On 25-06-2022) | 1-14 |
| 15 | തെരുവു വിളക്കുകളുടെ വൈദ്യുത ചാർജ്ജ് -മീറ്ററിംഗ് സംവിധാനത്തിലേക്ക് മാറിയിട്ടില്ല.<br>Written By: K.P.Ramakrishnan (Asst. Audit Officer, On 20-06-2022)<br>Last Updated By: Haseena KU (Computer Assistant, On 07-07-2022) | 1-15 |
| 16 | അംബേദ്കർ ഹാൾ റിപ്പയർ- പ്രവർത്തി പൂർത്തീകരണം -സമയം | 1-16 |

| | | |
|---|---|---|
| | ദീർഘിപ്പിച്ചിതിന് ഫൈൻ ഈടാക്കിയിട്ടില്ല.<br>Written By: K.P.Ramakrishnan (Asst. Audit Officer, On 20-06-2022)<br>Last Updated By: Haseena KU (Computer Assistant, On 07-07-2022) | |
| 17 | തൊഴിൽ രഹിത വേതന വിതരണം- അർഹത ഉറപ്പുവരുത്തിയിട്ടില്ല<br>Written By: K.P.Ramakrishnan (Asst. Audit Officer, On 20-06-2022)<br>Last Updated By: Haseena KU (Computer Assistant, On 07-07-2022) | 1-17 |
| 18 | പ്രവൃത്തി പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ചു നൽകിയപ്പോൾ നിയമാനുസൃതമുള്ള പിഴ ഈടാക്കിയില്ല-<br>Written By: K.P. Muhammed Farook (Asst. Audit Officer, On 20-06-2022)<br>Last Updated By: Haseena KU (Computer Assistant, On 07-07-2022) | 1-18 |
| 19 | നിശ്ചിത സമയപരിധിയ്ക്കകം കരാർചമയ്ക്കാത്തതിന് നിയമാനുസൃതം പിഴ ഈടാക്കിയിട്ടില്ല-<br>Written By: K.P. Muhammed Farook (Asst. Audit Officer, On 20-06-2022)<br>Last Updated By: Haseena KU (Computer Assistant, On 07-07-2022) | 1-19 |
| 20 | ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽനിന്നും കാലി ബാരലുകളുടെ വില കുറവായി ഈടാക്കിയതിനാൽ നഷ്ടം 18795രൂപ തിരികെ ഈടാക്കണം<br>Written By: K.P. Muhammed Farook (Asst. Audit Officer, On 20-06-2022)<br>Last Updated By: Haseena KU (Computer Assistant, On 07-07-2022) | 1-20 |
| 21 | അസിസ്ററന്റ് എഞ്ചിനീയർ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ രേഖകൾ ഹാജരാക്കിയില്ല-<br>Written By: K.P. Muhammed Farook (Asst. Audit Officer, On 20-06-2022)<br>Last Updated By: Haseena KU (Computer Assistant, On 07-07-2022) | 1-21 |
| 22 | E-Tender ഫീസ് ലഭ്യമാക്കി പഞ്ചായത്ത് ഫണ്ടിലൊടുക്കണം<br>Written By: K.P. Muhammed Farook (Asst. Audit Officer, On 21-06-2022)<br>Last Updated By: Haseena KU (Computer Assistant, On 07-07-2022) | 1-22 |
| 23 | 2020-2021 ൽ അസി.എൻജിനിയർ നിർവ്വഹണം നടത്തിയ പ്രൊജക്ടുകളുടെ അവലോകനം<br>Written By: K.P. Muhammed Farook (Asst. Audit Officer, On 21-06-2022)<br>Last Updated By: Haseena KU (Computer Assistant, On 07-07-2022) | 1-23 |
| 24 | ക്ഷീരവികസന ഓഫീസർ പദ്ധതികൾ നടപ്പിലാക്കുന്നില്ല<br>Written By: Krishnadas.N.V (Auditor, On 25-06-2022)<br>Last Updated By: Krishnadas.N.V (Auditor, On 25-06-2022) | 1-24 |
| 25 | മത്സ്യമേഖലാ വികസനം- പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നില്ല<br>Written By: Krishnadas.N.V (Auditor, On 25-06-2022)<br>Last Updated By: Krishnadas.N.V (Auditor, On 25-06-2022) | 1-25 |
| 26 | ഭവന പുനരുദ്ധാരണം പദ്ധതികൾ - നിർവ്വഹണത്തിലെ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെടുന്നു<br>Written By: Krishnadas.N.V (Auditor, On 25-06-2022)<br>Last Updated By: Haseena KU (Computer Assistant, On 07-07-2022) | 1-26 |
| 27 | ലൈഫ് മിഷൻ- ഭവന നിർമ്മാണം പൂർത്തീകരിക്കാൻ 23 പേർ അവശേഷിക്കുന്നു<br>Written By: Krishnadas.N.V (Auditor, On 25-06-2022)<br>Last Updated By: Haseena KU (Computer Assistant, On 07-07-2022) | 1-27 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | കാലി ബാരൽ വില കുറവായി ഈടാക്കിയതിനാൽ പൊതു ഫണ്ടിന് വന്ന നഷ്ടം 18795/ രൂപ ഈടാക്കണം<br>Written By: K.P. Muhammed Farook (Asst. Audit Officer, On 20-06-2022)<br>Last Updated By: Haseena KU (Computer Assistant, On 07-07-2022) | 3-1 |
| 2 | ഭവന പുനരുദ്ധാരണം പദ്ധതികൾ - നിർവ്വഹണത്തിലെ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെടുന്നു<br>Written By: Krishnadas.N.V (Auditor, On 25-06-2022)<br>Last Updated By: Haseena KU (Computer Assistant, On 07-07-2022) | 3-2 |
| | **ഭാഗം 4** | |

| | | |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം<br>Written By: K.P.Ramakrishnan (Asst. Audit Officer, On 15-06-2022)<br>Last Updated By: Haseena KU (Computer Assistant, On 07-07-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: K.P.Ramakrishnan (Asst. Audit Officer, On 15-06-2022)<br>Last Updated By: Haseena KU (Computer Assistant, On 07-07-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: K.P.Ramakrishnan (Asst. Audit Officer, On 15-06-2022)<br>Last Updated By: Haseena KU (Computer Assistant, On 07-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: K.P.Ramakrishnan (Asst. Audit Officer, On 15-06-2022)<br>Last Updated By: K.P.Ramakrishnan (Asst. Audit Officer, On 15-06-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: K.P.Ramakrishnan (Asst. Audit Officer, On 15-06-2022)<br>Last Updated By: Haseena KU (Computer Assistant, On 07-07-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ.<br>Written By: K.P.Ramakrishnan (Asst. Audit Officer, On 15-06-2022)<br>Last Updated By: Haseena KU (Computer Assistant, On 07-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: K.P.Ramakrishnan (Asst. Audit Officer, On 15-06-2022)<br>Last Updated By: Haseena KU (Computer Assistant, On 07-07-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: K.P.Ramakrishnan (Asst. Audit Officer, On 15-06-2022)<br>Last Updated By: Haseena KU (Computer Assistant, On 07-07-2022) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: K.P.Ramakrishnan (Asst. Audit Officer, On 15-06-2022)<br>Last Updated By: K.P.Ramakrishnan (Asst. Audit Officer, On 15-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: K.P.Ramakrishnan (Asst. Audit Officer, On 20-06-2022)<br>Last Updated By: Haseena KU (Computer Assistant, On 07-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: K.P.Ramakrishnan (Asst. Audit Officer, On 15-06-2022)<br>Last Updated By: E.Sasibhooshan (Deputy Director, On 07-07-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകൾ സംക്ഷിപ്തം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

27.03.2020 തിയതിയിലെ തീരുമാനം 1(1) പ്രകാരം 2019-20 വർഷത്തെ ബജറ്റ് അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകളും വാർഷിക കണക്ക് പ്രകാരമുള്ള യഥാർത്ഥ വരവ് ചെലവുകളും ചുവടെ ചേർക്കുന്നു.

| ക്രമ നം . | ഇനം | ബജറ്റ് പ്രകാരം | യഥാർത്ഥ വരവ് ചെലവ് |
|---|---|---|---|
| 1 | മുന്നിരിപ്പ് | 3564655 | 20329744 |
| 2 | വരവ് | 140555000 | 67357007 |
| 3 | ആകെ | 144119655 | 87686751 |
| 4 | ചെലവ് | 139667570 | 66200574 |
| 5 | നീക്കിയിരുപ്പ് | 4452085 | 21486177 |

യഥാർത്ഥ വരവ് ചെലവ് കണക്കുകളും, ബജറ്റ് പ്രകാരം ഉള്ള കണക്കുകളും തമ്മിൽ വലിയ അന്തരം കാണുന്നു. കൂടുതൽ യാഥാർത്ഥ്യബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.ബജറ്റ് പുതുക്കി അംഗീകാരം ലഭ്യമാക്കിയിട്ടില്ല.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2021 | 01.06.2022 |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 20329744 |
| വരവ് | 67357007 |
| ആകെ | 87686751 |
| ചെലവ് | 66200574 |
| നീക്കിയിരിപ്പ് | 21486177 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 8179039 | 8179039 | 8727962 | - 548923* |
| വികസന ഫണ്ട്-എസ്.സി.പി | 0 | 9403373 | 9403373 | 8521276 | 882097 |
| മെയിന്റനൻസ്, ഗ്രാന്റ് റോഡ് | 0 | 9988000 | 9988000 | 9982521 | 5479 |
| മെയിന്റനൻസ്ഗ്രാന്റ് നോൺ-റോഡ് | 0 | 3456681 | 3456681 | 3456681 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (പെർഫോമൻസ് ) | 0 | 4320000 | 4320000 | 2627096 | 1692904 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ബേസിക്) | 0 | 6054268 | 6054268 | 5325228 | 729040 |

| | | | | | |
|---|---|---|---|---|---|
| ICDS | 699906 | 732785 | 1432691 | 991513 | 441178 |
| ശുചിത്വ മിഷൻ ഗ്രാന്റ്-സംസ്ഥാന വിഹിതം | 2538443 | 2066244 | 4604687 | 1427507 | 3177180 |
| ശുചിത്വ മിഷൻ ഗ്രാന്റ് - കേന്ദ്രം | 524250 | 0 | 524250 | 0 | 524250 |
| ആർദ്രം സംസ്ഥാന വിഹിതം | 51371 | 0 | 51371 | 51371 | 0 |

* സ.ഉ (സാധാ) നം.2247/2021/ധന തീയതി 12.03.2021 പ്രകാരം വികസനഫണ്ട് വിഹിതം പൂർണ്ണമായും ചെലവഴിച്ച തദ്ദേശ സ്ഥാപനങ്ങൾക്ക് അധിക ധനാനുമതി നൽകി ഉത്തരവായിട്ടുണ്ട്.(ഗ്രാമപഞ്ചായത്ത്, വിഹിതത്തിന്റെ 25%) ആയതിനാലാണ് നീക്കിയിരുപ്പ് ഋണ ശീർഷം ആയത്. തൻവർഷത്തിൽ ഉറവിടത്തിൽ നിന്നും കുറവുചെയ്ത തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ട് | ചെലവ് തുക | ഫണ്ടിനം |
|---|---|---|---|
| 1 | 283/21: ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് - ജനറൽ | 599961 | വികസന ഫണ്ട് (ജനറൽ) |
| 2 | 283/21: ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് - ജനറൽ | 14627 | വികസന ഫണ്ട് (എസ്.സി.പി) |
| 3 | 282/21 അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം | 1095000 | വികസന ഫണ്ട് (ജനറൽ) |
| | ആകെ | 1709588 | |

ഉറവിടത്തിൽ നിന്നും കുറവുചെയ്ത തുകകൾ ഉൾപ്പെടെയുള്ള വരവുചെലവുകൾ

| വികസന ഫണ്ട് (ജനറൽ) | ACR പ്രകാരം വരവ് | Source ൽ കുറവ് ചെയ്തത് | യഥാർത്ഥ വരവ് |
|---|---|---|---|
| | 8179039 | 1694961 | 9874000 |

| വികസന ഫണ്ട് (ജനറൽ) | ACR പ്രകാരം ചെലവ് | Source ൽ കുറവ് ചെയ്തത് | യഥാർത്ഥ ചെലവ് |
|---|---|---|---|
| | 8727962 | 1694961 | 10422923 |

| വികസന ഫണ്ട് (എസ്.സി.പി) | ACR പ്രകാരം വരവ് | Source ൽ കുറവ് ചെയ്തത് | യഥാർത്ഥ വരവ് |
|---|---|---|---|
| | 9403373 | 14627 | 9418000 |

| വികസന ഫണ്ട് (എസ്.സി.പി) | ACR പ്രകാരം ചെലവ് | Source ൽ കുറവ് ചെയ്തത് | യഥാർത്ഥ ചെലവ് |
|---|---|---|---|
| | 8521276 | 14627 | 8535903 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 234 | 109490808 | 176 | 50745700 | 0 | 58 | 75 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 12 | 10 | 6601267 | 5326456 | 81 |
| വെറ്ററിനറി സർജ്ജൻ | 5 | 3 | 725500 | 336000 | 46 |
| മെഡിക്കൽ ഓഫീസർ-PHC | 6 | 6 | 1327150 | 1208795 | 91 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 550000 | 550000 | 100 |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 1 | 550000 | 550000 | 100 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 0 | 369000 | 0 | 0 |
| വി.ഇ.ഒ | 15 | 9 | 46711186 | 4799042 | 10 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 6 | 5418400 | 4447213 | 82 |
| സെക്രട്ടറി | 29 | 13 | 7247477 | 4730638 | 65 |
| ഹെഡ് മാസ്റ്റർ | 7 | 4 | 1445000 | 948061 | 66 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 140 | 116 | 34022096 | 24315835 | 71 |
| അസി.സെക്രട്ടറി | 10 | 7 | 4523732 | 3533660 | 78 |
| ആകെ | 234 | 176 | 109490808 | 50745700 | 46 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 1236889 | 1236889 | 1236889 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 27243672 | 27243672 | 27243672 | 0 |
| ആകെ | 0 | 28480561 | 28480561 | 28480561 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 5040 | 7 |
| കർഷകതൊഴിലാളി പെൻഷൻ | 3546000 | 235 |
| വിധവാപെൻഷൻ | 15984700 | 1061 |
| വാർദ്ധക്യകാലപെൻഷൻ | 28559000 | 1990 |
| വികലാംഗപെൻഷൻ | 4100600 | 272 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 1172700 | 80 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.06.2022 തിയ്യതിയിൽ ഉച്ചയ്ക്ക് ശേഷം 02.30 ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 15295 /- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ കാര്യങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്. ഇന്റേർണൽ ഓഡിറ്റിന്റെ ഭാഗമായി പെർഫോമൻസ് ഓഡിറ്റ് വിഭാഗം കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

ചെലവുകൾ ബജറ്റിനനുസരണമായി നിയന്ത്രിക്കുകയും റിവൈസ്ഡ് ബഡ്ജറ്റ് തയ്യാറാക്കി ഭരണസമിതി ചർച്ചചെയത് പാസാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചെലവുകൾ ബഡ്ജറ്റിനനുസരണമായി നിയന്ത്രിക്കുന്നതിനുള്ള സംവിധാനം നിലവിലുള്ള സോഫ്റ്റ്വേറിലില്ല. ഓരോ ചെലവും നടത്തുമ്പോൾ അക്കൗണ്ടന്റ് ബഡ്ജറ്റിൽ അനുവദിച്ച തുകയേക്കാൾ കൂടുന്നുണ്ടോ എന്ന പ്രത്യേകം ശ്രദ്ധിക്കേണ്ടി വരുന്നുണ്ട്.

ഫ്രണ്ട് ഓഫീസിൽ ഒരു ദിവസം ഒരാളെയാണ് ചുമതലപ്പെടുത്തുന്നത്. ഓരോരുത്തർക്കും Login, Password

ലഭ്യമാക്കി സുരക്ഷിതത്വം ഉറപ്പാക്കിയിട്ടുണ്ട്. ഒരാളുടെ പാസ്സ് വേർഡ്, ലോഗിൻ എന്നിവ മറ്റുള്ളവർ ഉപയോഗിക്കുന്നില്ല. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. തുക ബാങ്കിൽ അടവാക്കുന്നത് തുക കളക്റ്റ് ചെയ്യുന്ന ആൾ അല്ല. ഓരോ ദിവസത്തെയും വരവ് തുക ക്യാഷിന്റെ ചുമതലയുള്ള സെക്ഷൻ ക്ലാർക്കിനെ (Cashier) ഏൽപ്പിക്കുകയും തുകയുടെ കൃത്യത അക്കൗണ്ടന്റ്, ഹെഡ് ക്ലാർക്ക്, സെക്രട്ടറി എന്നിവർ പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്. തുക അതേ ദിവസം അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ബാങ്കിൽ അടവാക്കുകയും അടവു വിവരം അക്കൗണ്ടന്റ്, ഹെഡ് ക്ലാർക്ക് എന്നിവർ പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്.

ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട തുകകളുടെ കാലതാമത്തിന് നിയമപ്രകാരം ഫൈൻ/പിഴപ്പലിശ ഈടാക്കുന്നുന്നതിൽ കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്. എല്ലാ കളക്ഷനുകളും കാഷ് ബുക്ക്, ലെഡ്ജർ എന്നിവയിൽ ഒരേസമയം രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം ഉണ്ട്. എന്നാൽ വസ്തുനികുതി മാത്രമാണ് ഡി.സി.ബി. രജിസ്റ്റർ സാംഖ്യയുമായി ബന്ധിപ്പിച്ചിരിക്കുന്നത്. മറ്റു നികുതികളുടെയും ലൈസൻസ് ഫീസുകളുടെയും ഡി.സി.ബി പ്രത്യേകം മാന്വലായി തയ്യാറാക്കുകയാണ് ചെയ്യുന്നത്.
ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ മുഴുവൻ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. അനാവശ്യവും കാലഹരണപ്പെട്ടതുമായ ആസ്തികൾ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് അതേസമയം നാശോന്മുഖമാകുന്നതിനു മുൻപ് വില്പന നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

പഞ്ചായത്ത് കമ്മറ്റി മീറ്റിംഗിന് “സകർമ്മ” യിലൂടെ മിനുട്ട്സ് തയ്യാറാക്കുന്നതിന് സംവിധാനമുള്ളത്. ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മറ്റി ഇവയുടെ മിനുട്ട്സുകളും Online സംവിധാനത്തിലേക്കു മാറേണ്ടതുണ്ട്. അറ്റകുറ്റപണികൾക്ക് ശേഷം അംബേദ്ക്കർ ഹാളിന്റെ വാടക പുനർനിർണ്ണയിക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 10.05.2022 | 01.03.2022 മുതൽ 30.04.2022വരെ | ലഭിച്ചിട്ടില്ല | - |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06.07.2009മുതൽ 18.07.2009വരെ | 2004-05 മുതൽ 2008-09 വരെ | 12.08.2009 | ഇല്ല |

1-11 സർക്കാർ വിജ്ഞാപനങ്ങൾക്ക് അനുസൃതമായി എല്ലാ ഉപയോഗക്രമങ്ങൾക്കും വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ചിട്ടില്ല.

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം കെട്ടിടങ്ങളുടെ ഉപയോഗക്രമമനുസരിച്ച് ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിന് സർക്കാർ നിർദ്ദേശിക്കുന്ന കുറഞ്ഞതും കൂടിയതുമായ പരിധികൾക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ചുമത്തേണ്ട വസ്തുനികുതി നിരക്കുകൾ ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിച്ച് ആയതിനുസൃതമായി നികുതി നിർണ്ണയം നടത്തേണ്ടതാകുന്നു. 14.01.2011 ലെ സ.ഉ(അ)നം.19/2011/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നം. 36/2011 വിജ്ഞാപനം പ്രകാരം ഓരോ ഇനം കെട്ടിടത്തിന്റെയും ഉപവിഭാഗങ്ങളുടെയും ഒരു ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികളും അവ പ്രബല്യത്തിൽ വരുന്ന തീയതിയും സർക്കാർ നിശ്ചയിച്ചിരുന്നു. ഇതിൽ 24.02.2015-ലെ സ.ഉ(അ)നം.36/2015/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നമ്പർ 100/2015 വിജ്ഞാപനം പ്രകാരവും 08.09.2020-ലെ സ.ഉ.(അ)നം.53/2020/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നമ്പർ 575/2020 വിജ്ഞാപനം പ്രകാരവും ഉപയോഗക്രമങ്ങൾ കൂട്ടിച്ചേർത്ത് ഭേദഗതി വരുത്തിയിരുന്നു. എന്നാൽ ചാലിശ്ശേരി ഗ്രാമപഞ്ചായത്തിൽ മേൽ വിജ്ഞാപനങ്ങൾ പ്രകാരമുള്ള ഉപയോഗക്രമങ്ങളുടെ നികുതി നിരക്ക് നിശ്ചയിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. നികുതി നിരക്ക് നിർണ്ണയിക്കാത്ത ഉപയോഗക്രമങ്ങളും അവയ്ക്ക് സർക്കാർ നിർദ്ദേശിച്ച കുറഞ്ഞതും കൂടിയതുമായ പരിധിയും ചുവടെ ചേർക്കുന്നു.

| ക്രമ | ഉപയോഗക്രമം | കുറഞ്ഞ | കൂടിയ |
|---|---|---|---|

| നം. | | നിരക്ക് | നിരക്ക് |
|---|---|---|---|
| 1 | മൈക്രോ സ്മാൾ ആൻറ് മീഡിയം എന്റർപ്രൈസസ് ഡെവലപ്മെന്റ് ആക്റ്റ്, 2006 (2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | 15 | 25 |
| 2 | ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ | 150 | 160 |
| 3 | റസിഡൻഷ്യൽ ഹോംസ്റ്റേ | 10 | 25 |

സർക്കാർ നിർദ്ദേശിച്ച പരിധികൾക്ക് വിധേയമായി പഞ്ചായത്ത് പ്രദേശത്ത് ബാധകമാക്കാവുന്ന നികുതി നിരക്ക് പ്രമേയം മൂലം നിശ്ചയിച്ച് ആയതിനനുസൃതമായി നികുതി നിർണ്ണയം നടത്താത്തത് തെറ്റായ ഉപയോഗക്രമത്തിൽ നികുതി നിർണ്ണയിക്കുന്നതിനും നികുതി നഷ്ടത്തിനും കാരണമാവുന്നു. മേൽ സൂചിപ്പിച്ച കെട്ടിട വിഭാഗങ്ങൾക്ക് വസ്തുനികുതി നിരക്കുകൾ നിശ്ചയിക്കാത്തതിന്റെ കാരണം വിശദമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. (നം. 5/16.06.2022)

## 1-12 അനധികൃത കെട്ടിട നിർമ്മാണങ്ങളുടെ വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ

അനധികൃത നിർമ്മാണങ്ങൾക്ക് കെട്ടിട നമ്പർ അനുവദിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള അനധികൃത നിർമ്മാണങ്ങൾ സംബന്ധിക്കുന്ന രജിസ്റ്ററിൽ 7 കെട്ടിടങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. ആയതിൽ 6 കെട്ടിടങ്ങൾക്ക് മാത്രമാണ് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്.
2. രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള 9/147/E എന്ന കെട്ടിടത്തിനെ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല.
3. നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾക്ക് UA എന്നത് ചേർത്തല്ല നമ്പർ അനുവദിച്ചിട്ടുള്ളത്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. (7/16.06.2022)

## 1-13 ഗ്രാമപഞ്ചായത്തിന്റെ ആസ്തിയായുള്ള ഓഡിറ്റോറിയം- വാടക പിരിവ് കാര്യക്ഷമമാക്കുന്നത് സംബന്ധിച്ച്

2019-20, 2020-21 സാമ്പത്തിക വർഷങ്ങളിലെ വാടകയിനത്തിലെ വരവ്, ലേലം, വിവിധ വർഷങ്ങളിലെ പദ്ധതി ചെലവുകൾ എന്നിവ പരിശോധിച്ചപ്പോൾ ഗ്രാമപഞ്ചായത്തിന്റെ ആസ്തിയായിട്ടുള്ള ഓഡിറ്റോറിയത്തിൽ നിന്നുള്ള വാടക വരവ് കണക്കിലെടുക്കാതെ ആയതിന്റെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കും സാധന സമാഹരണങ്ങൾക്കുമായി ഭീമമായ തുകകൾ ചെലവഴിച്ചിട്ടുള്ളതായി കണ്ടെത്തി. ഹാൾ വാടക സാങ്കേതിക വിദഗ്ദനാൽ നിശ്ചയിക്കപ്പെട്ട നിരക്കിലല്ല ഈടാക്കുന്നതെന്നും പരിശോധനയിൽ ബോധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

### വാടക നിരക്ക്

ചാലിശ്ശേരി ഗ്രാമപഞ്ചായത്ത് കാര്യാലയത്തിനടുത്ത് നിർമ്മിച്ചിട്ടുള്ള അംബേദ്കർ ഹാൾ വിവാഹ ആവശ്യങ്ങൾക്കും മറ്റും വാടകയക്ക് നൽകി വരുന്നുണ്ട്. 4720 രൂപ വാടകയും 550 രൂപ വൈദ്യുതി ചാർജ്ജും ഉൾപ്പടെ 5270 രൂപയാണ് വാടകയായി ഈടാക്കിവരുന്നത്.

### വാടക വരവ്- ചെലവ്

വിവിധ വർഷങ്ങളിലെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ഓഡിറ്റോറിയം വാടക വരവ് വിശദാംശങ്ങളും ഓഡിറ്റോറിയത്തിലേക്കുള്ള സാധന സമാഹരണങ്ങൾക്കും അറ്റകുറ്റപ്പണികൾക്കുമായി അസിസ്റ്റന്റ് എഞ്ചിനിയർ, ഗ്രാമ പഞ്ചായത്ത് സെക്രട്ടറി എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥർമാരായി വിവിധ വർഷങ്ങളിലായി ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതികൾ പ്രകാരം ചെലവഴിച്ചിട്ടുള്ള തുകകളുടെ വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | വരവ് തുക (രൂപ) | ചെലവ് തുക (രൂപ) |
|---|---|---|
| 2018-19 | 7,07,430 | 15,76,065 |
| 2019-20 | 6,73,305 | 2,32,700 |

| | | |
|---|---|---|
| 2020-21 | 5,34,920 | 12,07,625 |
| ആകെ | 19,15,655 | 30,16,390 |

വാച്ച്മാൻ ചെലവ്

ഓഡിറ്റോറിയത്തിൽ വാച്ച്മാനെ നിയമിച്ചതിനാൽ പ്രതിമാസ ശമ്പളമായി 6000 രൂപ തനത് ഫണ്ടിൽ നിന്നും നൽകി വരുന്നുണ്ട്. ഈ ഇനത്തിൽ പ്രതിവർഷം 72000 രൂപ ചെലവ് വരുന്നുണ്ട്.

ഓഡിറ്റോറിയത്തിന്റെ വാടക പുനർനിശ്ചയിക്കാവുന്നതാണ്

ഓഡിറ്റോറിയത്തിന്റെ നവീകരണ പ്രവർത്തികൾക്കും, മെയിന്റനൻസിനുമായി വരുന്ന തുകകളും വാച്ച്മാന്റെ ശമ്പളത്തിനുമായി ആവശ്യം വരുന്ന തുകകളും തനത് ഫണ്ടിൽ നിന്നും കണ്ടെത്താതെ ഓഡിറ്റോറിയം വാടകയിനത്തിൽ നിന്നുതന്നെ കണ്ടെത്തുന്നതാണ് അഭികാമ്യം എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. വാടക നിരക്കുകൾ സാങ്കേതിക വിദഗ്ദനാൽ നിശ്ചയിക്കേണ്ടതും ആയത് പ്രകാരം ഈടാക്കുന്നതിലും ശ്രദ്ധിക്കേണ്ടതാണ്. മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. (നം. 9/16.06.2022)

1-14 ടർഫുകൾ, ജിംനേഷ്യങ്ങൾ എന്നിവയെ ലൈസൻസ് പരിധിയിൽ കൊണ്ടു വരേണ്ടതാണ്

1963 ലെ കേരള പ്ലേസസ് ഓഫ് പബ്ലിക് റിസോർട്ട് ആക്ട്, 1965 ലെ കേരള പ്ലേസസ് ഓഫ് പബ്ലിക് റിസോർട്ട് ചട്ടങ്ങൾ ( G.O (MS) 590/65/HLD Dt. 08-07-1965) എന്നിവ പ്രകാരം ഏതു സ്ഥലത്തും സ്ഥിരമോ, താത്കാലികമോ ആയ ഏതു നിർമ്മിതികളിലും പണം വാങ്ങിയോ , പണം ലഭിക്കാനായി പ്രവേശനം നൽകിയോ ലാഭോദ്ദേശ്യത്തോടെ നടത്തപ്പെടുന്ന സംഗീത, നൃത്ത, കായിക വിനോദങ്ങൾ, സർക്കസ്, തിയേറ്റർ, സംഗീതശാല, ബില്യാർഡ്സ് റൂം, ജിംനേഷ്യം, ആയുധപരിശീലനം എന്നിവയ്ക്ക് ലൈസൻസ് എടുക്കേണ്ടതാണ്. വാർഷികമായും താത്കാലികമായും ലൈസൻസ് എടുക്കാവുന്നതാണ്. മേൽ ചട്ടങ്ങളിലെ ചട്ടം 28 പ്രകാരം ഫീസ് ഈടാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് പരിധിയിൽ ഉള്ള ടർഫുകൾ, ജിംനേഷ്യം എന്നിവയുടെ എണ്ണം, ഉടമസ്ഥന്റെ വിവരം അവയെ ലൈസൻസിന്റെ പരിധിയിൽ കൊണ്ടു വരുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരം എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. ( 06/16.06.2022)

1-15 തെരുവു വിളക്കുകളുടെ വൈദ്യുത ചാർജ്ജ് -മീറ്ററിംഗ് സംവിധാനത്തിലേക്ക് മാറിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ പട്ടിക III ലെ ക്രമ നമ്പർ 15 പ്രകാരം തെരുവു വിളക്കുകൾ സ്ഥാപിക്കേണ്ടതും പരിപാലിക്കേണ്ടതും ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. ഗ്രാമപഞ്ചായത്തിലെ തെരുവു വിളക്കുകളുടെ പരിപാലനത്തിലെ കാര്യക്ഷമത, വൈദ്യുതി ചാർജ്ജിനത്തിലും അറ്റകുറ്റപ്പണികൾക്കുമായി ചെലവഴിക്കേണ്ടി വരുന്ന തുകയിൽ കുറവു വരുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്നിവ പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

തെരുവു വിളക്കുകളുടെ കണക്ക്, വൈദ്യുതി ചാർജ്ജ്

വാർഷിക ധനകാര്യ പത്രിക പ്രകാരം 2020-21 സാമ്പത്തിക വർഷത്തിൽ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഇനത്തിൽ 733193 രൂപ ചെലവഴിച്ചിട്ടുണ്ട്.

എ) മീറ്ററിംഗ് സംവിധാനമില്ലാത്ത തെരുവുവിളക്കുകളുടെ വിവരം

കെ.എസ്.ഇ.ബിയുടെ ഇൻവോയ്സ് പ്രകാരം മീറ്ററിംഗ് ആക്കിയിട്ടില്ലാത്ത തെരുവുവിളക്കുകളുടെഎണ്ണം ചുവടെ കൊടുക്കുന്നു_ചാലിശ്ശേരി ഇലക്ട്രിക്കൽ സെക്ഷൻ (കൺസ്യൂമർ നം 1165383007986)

| ക്രമ നം. | ഇനം | വാട്ട് | എണ്ണം | നിരക്ക് | തുക |
|---|---|---|---|---|---|
| 1 | ഫ്ലൂറസെന്റ് ബൾബ് | 40 | 323 | 73 | 23579 |
| 2 | മെർക്കുറി വേപ്പർ ലാമ്പ് | 80 | 1 | 157 | 157 |
| 3 | എൽ ഇ ഡി | 20 | 9 | 17 | 600 |
| 4 | എസ് വി എൽ | 250 | 3 | 492 | 1476 |
| 5 | സി എഫ് എൽ 2*11 | 22 | 965 | 35 | 33775 |
| 6 | സി എഫ് എൽ 1*15 | 15 | 25 | 24 | 600 |

| | | | | | |
|---|---|---|---|---|---|
| 7 | ആകെ | | 1326 | | 59740 |

ബി. തെരുവുവിളക്കുകളുടെ പരിപാലനച്ചെലവ്

സാധന സാമഗ്രികൾ വാങ്ങുവാനം ,ലൈൻ വലിക്കുന്നതിനും, അറ്റകുറ്റപണികൾക്കുമായി തൻവർഷം ചെലവഴിച്ച തുകകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്റ്റ് നം. | ചെലവ് | ഫണ്ടിനം |
|---|---|---|---|
| 1 | 200/21 തെരുവ് വിളക്ക് അറ്റ കുറ്റ പണി | 490050 | തനതു ഫണ്ട് |
| 2 | 24/21 തെരുവ് വിളക്ക് അറ്റ കുറ്റ പണി | 250000 | തനതു ഫണ്ട് |
| | ആകെ | 740050 | |

ഡി. ഊർജ്ജ ഉപഭോഗം കുറയ്ക്കുന്നതിനുള്ള പദ്ധതികൾ

താരതമ്യേന ഊർജ്ജ ഉപഭോഗം കൂടുതലുള്ള സോഡിയം വേപ്പർ ലാമ്പുകളും ഫ്ലൂറസന്റ് ലാമ്പുകളും ഒഴിവാക്കി സോളാർ പാനലുകൾ,എൽ.ഇ.ഡി ലാമ്പുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള പ്രൊജക്റ്റുകൾ ആവിഷ്കരിക്കുവാൻ നടപടികൾ ഉണ്ടാകേണ്ടതാണ്. എൽ.ഇ.ഡി ലാമ്പുകളുടെ ശരാശരി ആയുസ്സ് കൂടുതൽ ആയതിനാൽ അവ കൂടുതൽ കാലം നിലനിൽക്കുന്നതാണ്. ഇപ്രകാരം വൈദ്യുതി ചാർജ്ജിനത്തിലെ കുറവ് കൂടാതെ പരിപാലനത്തിനായി ചെലവഴിക്കുന്ന തുകയിലും കുറവ് വരുത്താവുന്നതാണ്. മീറ്ററിംഗ് സംവിധാനം മുഴുവനായും നിലവിൽ വരുന്നതോടെ കൂടുതൽ നേട്ടം പ്രതീക്ഷിക്കാവുന്നതാണ്.

ഗ്രാമ പഞ്ചായത്തുകൾ തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിലെ കൃത്യത ഉറപ്പുവരുത്തുന്നതിനായി മീറ്റർ സമ്പ്രദായം ഏർപ്പെടുത്താമെന്ന് ബി.ഒ. (എഫ്. ബി.)നമ്പർ 496 / 2004 (എൽ.ജി /സി.ഒ .എം. 3515/ 98 തീയ്യതി 23.02.2004 കെ.എസ്.ഇ.ബി. ബോർഡ് സെക്രട്ടറി ) പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട് .
ഗ്രാമ പഞ്ചായത്തും കെ.എസ്.ഇ .ബി . യുമായി സംയുക്ത പരിശോധന നടത്തി തെരുവുവിളക്കുകളുടെ നിജസ്ഥിതി തിട്ടപെടുത്തിയിട്ടുള്ളതിന്റെ വിവരം മീറ്ററിംഗ് ആക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്നിവ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം,03/16.06.2022) 2018-19 വർഷത്തിൽ സംയുക്ത പരിശോധന നടത്തി എണ്ണം നിജപ്പെടുത്തിയിട്ടുണ്ട്.ആയതിന് ശേഷം 1400 ഓളം എൽ.ഇ.ഡി ലാമ്പുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും,അതുപ്രകാരം നിരക്ക് പുനർ നിർണ്ണയിക്കുന്നതിന് കെ.എസ്.ഇ .ബിയ്ക്ക് കത്ത് നൽകുന്നതാണെന്നും , സ്ട്രീറ്റ് മെയിൻ വലിക്കുന്നതിന് 12500000 രൂപയോളമം ചെലവ് വരുമെന്ന് കെ.എസ്.ഇ .ബി അറിയിച്ചിട്ടുണ്ടെന്നും, ഫണ്ടിന്റെ അപര്യാപ്തത മൂലമാണ് മീറ്ററിംഗ് ആക്കുന്നതിൽ കാലതാമസം വരുന്നതെന്നും മറുപടി നൽകിയിട്ടുണ്ട്.

1-16 അംബേദ്കർ ഹാൾ റിപ്പയർ- പ്രവർത്തി പൂർത്തീകരണം -സമയം ദീർഘിപ്പിച്ചിതിന് ഫൈൻ ഈടാക്കിയിട്ടില്ല.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായിട്ടുള്ള മരാമത്ത് പ്രവർത്തികൾ സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ ഇതു സംബന്ധിച്ച സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ പാലിച്ചിട്ടില്ല എന്നും നിയമപ്രകാരമുള്ള പിഴ നിശ്ചിതനിരക്കിൽ ഈടാക്കിയിട്ടില്ല എന്നും ബോധ്യപ്പെട്ടു. പ്രവൃത്തികളിൽ പൂർത്തീകരണം ദീർഘിപ്പിച്ചതിന് എഗ്രിമെന്റ് കാലയളവിനുള്ളിൽ മതിയായ മുദ്ര പത്രത്തിൽ സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല. നിയമാനുസൃത പിഴ ചുമത്താതിരുന്നതു മൂലം പഞ്ചായത്തിന് പിഴ ഇനത്തിൽ തനതുഫണ്ടിന് വരുമാന നഷ്ടവുമുണ്ടായി.

2012 ലെ ജി.ഒ.(പി) 13/2012/PWD/01.02.2012 നമ്പറായുള്ള കേരള പി.ഡബ്ള്യു.ഡി മാന്വലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് ആ കാലാവധി വരെ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല. കരാർ കാലാവധി തീരുന്നതിനു മുമ്പ് കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതും ആയത് നിർവ്വഹണോദ്യോഗസ്ഥൻറ ശുപാർശയോടെ പഞ്ചായത്ത് ഭരണസമിതി തീരുമാനത്തോടെ ഫൈൻ ഈടാക്കി ദീർഘിപ്പിക്കാവുന്നതാണ്.എന്നാൽ ഇതു സംബന്ധിച്ച് നടപടിക്രമങ്ങളുടെ രേഖകൾ അപൂർണ്ണമാണ്. പൂർത്തീകരണ കാലാവധിക്ക ശേഷം നിർവ്വഹിച്ച പ്രവൃത്തികൾ അനധികൃതമാണ്.
മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റേതായ

കാരണങ്ങളാൽ ദീർഘിപ്പിച്ച നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. മേൽ ഉത്തരവ് പ്രകാരം കാലാവധി ദീർഘിപ്പിക്കുന്നതിന് ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് (അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ്) പിഴ പി.എ.സിയുടെ 1% (കുറഞ്ഞത് 1000 രൂപ കൂടിയത് 50000 രൂപ), ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% (കുറഞ്ഞത് 2000 രൂപ കൂടിയത് 100000 രൂപ )എന്നിങ്ങനെ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ പിഴ ഈടാക്കാതെയാണ് തുക അനുവദിച്ചിട്ടുള്ളത്. വിശദ വിവരം ചുവടെചേർക്കുന്നു.

<table>
<tr><td>ക്രമ നം.</td><td>പ്രവ്യത്തിയുടെ വിവരം</td><td colspan="3">201/21 അംബേദ്ക്കർ ഹാൾ റിപ്പയർ-(സ്റ്റിൽ ഓവർ)</td></tr>
<tr><td>1</td><td>അടങ്കൽ -</td><td colspan="3">2500000-(തനതു ഫണ്ട് 1045325 , ധനകാര്യ കമ്മീഷൻ ഗ്രാന്റ് 1454675)</td></tr>
<tr><td>2</td><td>APAC-</td><td colspan="3">2500000</td></tr>
<tr><td>3</td><td>കരാറുകാരൻ -</td><td colspan="3">ഹാബിറ്റാറ്റ് ടെക്നോളജീസ് ഗ്രൂപ്പ് ,തൊടുപുഴ</td></tr>
<tr><td>4</td><td>എഗ്രിമെന്റ് നം.:</td><td colspan="3">46/16തീ.19.12.2016</td></tr>
<tr><td>5</td><td>ആകെ പ്രവൃത്തി മൂല്യം</td><td colspan="3">2541482 രൂപ (2500000 രൂപയിൽ നിജപ്പെടുത്തി)</td></tr>
<tr><td>6</td><td>പാർട്ട് ബിൽ</td><td colspan="3">1) -/ തീ.20.12.2016 തുക :447584 രൂപ<br>2)104/19തീ.31.01.2018 തുക 1007064 രൂപ<br>ആകെ 1454648</td></tr>
<tr><td>7</td><td>ബിൽ / വൗച്ചർ നം.നം.</td><td colspan="3">22000339/17.07.20-859880 രൂപ</td></tr>
<tr><td>8</td><td>എം.ബുക്ക് നം.</td><td colspan="3">AM 01/2016, AM 02/2016, AM 03/2016, AM 04/2016</td></tr>
<tr><td>9</td><td>പൂർത്തീകരണ തീയ്യതി:</td><td colspan="3">19.12.2017 എഗ്രിമെന്റ് പ്രകാരം (12 മാസം)</td></tr>
<tr><td>10</td><td>പൂർത്തീകരിച്ച തീയ്യതി</td><td colspan="3">19.03.2019 (അവസാന ചെക്ക് മെഷർ)</td></tr>
<tr><td rowspan="2">11</td><td rowspan="2">ഫൈൻ സംബന്ധിച്ച്</td><td>ഈടാക്കേണ്ടത് (3%)</td><td>ഈടാക്കിയത്</td><td>കുറവ്</td></tr>
<tr><td>75000</td><td>0</td><td>75000</td></tr>
<tr><td></td><td colspan="4">കുറിപ്പ് * 19.12.2016 ന് സൈറ്റ് ഏറ്റെടുത്തതായി കരാറുകാരന്റെ കൈപ്പറ്റ് രസീതി ഉണ്ട്. പ്രവൃത്തി സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിന് 18.09.2017 ,28.03.2018 എന്നീ തീയതികളിൽ സെക്രട്ടറി കരാറുകാരന് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ കാലാവധി ദീർഘിപ്പിക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയോ, സപ്ലിമെന്ററി എഗ്രിമെന്റ് വെക്കുകയോ, പിഴ ഈടാക്കി കാലാവധി ദീർഘിപ്പിച്ച നൽകുകയോ ചെയ്തിട്ടില്ല.</td></tr>
</table>

പിഴ ഈടാക്കാതെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച നൽകിയതുമൂലം തനതു ഫണ്ടിന് 75000 രൂപ നഷ്ടം സംഭവിച്ചു. ആയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.02/15.06.2022) ഫൈനൽ ബിൽ പ്രകാരം നൽകേണ്ട 2500000 രൂപയിൽ 2314528 രൂപ മാത്രമേ നൽകിയിട്ടുള്ളൂ എന്നും ബാക്കി നൽകാനുള്ള 185472 രൂപയിൽനിന്ന് ആയത് കിഴിവ് ചെയ്യുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. പിഴയിനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട 75000 രൂപ ഈടാക്കിയതിന്റെ വിവരങ്ങൾ

അറിയിക്കേണ്ടതാണ്.

1-17 തൊഴിൽ രഹിത വേതന വിതരണം- അർഹത ഉറപ്പുവരുത്തിയിട്ടില്ല

1998-ലെ കേരള തൊഴിൽ രഹിത വേതന പദ്ധതി ചട്ടങ്ങൾ, സർക്കാർ ഉത്തരവ് (അച്ചടി) നം.169/2009 /തൊഴിൽ തീയതി. 13.12.2009 , സർക്കാർ ഉത്തരവ് (അച്ചടി) നം.139/2019/ധനം തീയതി. 15.10.2019 എന്നിവയിലെ നിബന്ധനകൾക്ക വിരുദ്ധമായി തൊഴിൽ രഹിത വേതനം വിതരണം നടത്തിയിട്ടുണ്ട്. തൊഴിൽ രഹിത വേതനം വിതരണം ചെയ്യുന്നതിനു മുൻപ് താഴെ പറയുന്ന രേഖകൾ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

1)കുടുംബവാർഷികവരുമാനം 12,000 രൂപയിൽ കുറവാണെന്ന് വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം.

2)എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ യഥാസമയം പുതുക്കിയിട്ടുണ്ടെന്ന് കാണിക്കുന്ന എംപ്ലോയ്മെന്റ് ഐഡന്റിറ്റി കാർഡ്.

3)തൊഴിലുറപ്പുപദ്ധതിയിൽ ഗുണഭോക്താവല്ലെന്ന സാക്ഷ്യപത്രം.

4)വ്യക്തിഗതവരുമാനം പ്രതിമാസം 100 രൂപയിലും കൂടുതൽ അധികരിക്കുന്നില്ലെന്ന സത്യവാങ്മൂലം.

5)അനർഹമായി വേതനം കൈപ്പറ്റിയാൽ റവന്യൂ റിക്കവറി നിയമപ്രകാരം തിരിച്ചുപിടിക്കാമെന്നുള്ള സമ്മതപത്രം.

6)വേതന വിതരണ കാലയളവിൽ വിദ്യാർത്ഥിയായിരുന്നില്ലെന്നുള്ള സത്യവാങ്മൂലം

7)ഗ്രാമപഞ്ചായത്തിൽ സ്ഥിരമായി താമസിക്കുന്നുവെന്ന സത്യവാങ്മൂലം.

(8) മേൽ വിലാസം തെളിയിക്കുന്ന രേഖകൾ.

2020-21 വർഷത്തെ ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം തീയതി | തുക |
|---|---|---|
| 1 | 22000515/07.09.20 | 5040 |

എന്നാൽ താഴെ പറയുന്ന ഗുണഭോക്താകൾക്ക് തൊഴിലുറപ്പുപദ്ധതിയിൽ ഗുണഭോക്താവല്ലെന്ന സാക്ഷ്യപത്രം, വില്ലേജ് ഓഫീസറിൽനിന്നുള്ള വരുമാന സർട്ടിഫിക്കറ്റ് ,വ്യക്തിഗതവരുമാനം പ്രതിമാസം 100 രൂപയിലും കൂടുതൽ അധികരിക്കുന്നില്ലെന്ന സത്യവാങ്മൂലം, അനർഹമായി വേതനം കൈപ്പറ്റിയാൽ റവന്യൂ റിക്കവറി നിയമപ്രകാരം തിരിച്ചുപിടിക്കാമെന്നുള്ള സമ്മതപത്രം. എന്നിവ ഹാജരാക്കാതെയാണ് തുക അനുവദിച്ചിരിക്കുന്നത്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | അക്വിറ്റൻസ് രജിസ്റ്റർ റോൾ നം. | അക്കൗണ്ട് നം. | അനുവദിച്ച തുക |
|---|---|---|---|---|
| 1 | ബുഷറ.പി പതിയാട്ടിൽ തണ്ണീർക്കോട് | 78 | 67174112787 | 720 |
| 2 | ഫബീന പി.എ പിലാക്കൂട്ടത്തിൽ ആലിക്കര | 77 | 67274962001 | 720 |
| 3 | രഞ്ജിത്ത് കെ.ആർ കണ്ടരാമത്ത് പുഞ്ചയിൽ ചാലിശ്ശേരി | 69 | 67293381673 | 720 |
| 4 | സുബിത കെ.പി.മുണ്ടംപുലാക്കൽ ചാലിശ്ശേരി | 74 | 67166290227 | 720 |
| 5 | ഫസീന പി.എ പിലാക്കൂട്ടത്തിൽ | 71 | 16390100053229 | 720 |
| 6 | അനീഷ ബാബുരാജ്.ചീരാൻ പടി ചാലിശ്ശേരി | 70 | 34618681339 | 720 |
| 7 | രേഖ ടി.പി തറമ്മിൽപടി | 40 | 31748805325 | 720 |

| | | | | |
|---|---|---|---|---|
| | | ആകെ | | 5040 |

മേൽ പറഞ്ഞ ഗുണഭോക്താക്കളുടെ ആനുകൂല്യത്തിന് അർഹത തെളിയിക്കുന്ന മുഴുവൻ രേഖകളും പരിശോധിക്കാതെ തൊഴിൽ രഹിത വേതനം വിതരണം ചെയ്തതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12/17.06.2022) റേഷൻകാർഡിലെ വരുമാനം നോക്കിയാണ് തുക നൽകിയതെന്നും വില്ലേജ് ഓഫീസറിൽനിന്നുള്ള വരുമാന സർട്ടിഫിക്കറ്റ്,അർഹത ഉറപ്പുവരുത്തുന്ന മറ്റു രേഖകൾ ഹാജരാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും, ഹാജരാക്കാത്തവരുടെ ആനുകൂല്യങ്ങൾ ഉടനടി റദ്ദ് ചെയ്യുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.മതിയായ രേഖകളുടെ അഭാവത്തിൽ ചെലവ് തുക 5040 രൂപ തടസ്സപ്പെടുത്തുന്നു. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-18 പ്രവൃത്തി പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ചു നൽകിയപ്പോൾ നിയമാനുസൃതമുള്ള പിഴ ഈടാക്കിയില്ല-

2020-21 -ൽ അസി.എഞ്ചിനീയർ മുഖേന നിർവഹണം നടത്തിയ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നിയമാനുസൃതമായ നടപടിക്രമങ്ങൾ പാലിക്കാതെയും പിഴ ഈടാക്കാതെയും കാലാവധിക്കപ്പുറം ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്.

കൂടാതെ പ്രവർത്തി പൂർത്തീകരണം വൈകിയതുമായി കരാറുകാരൻ അപേക്ഷസമർപ്പിക്കുകയോ സപ്ലിമെന്ററി കരാർ ചമയ്ക്കുകയോ ചെയ്തിട്ടില്ല. ടി പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1. SO70/21 – പഴയ മൃഗാശുപത്രി റോഡ് റീ- ടാറിംഗ്

| | |
|---|---|
| പ്രൊജക്റ്റ് നമ്പരും പേരും : | SO70/21 – പഴയ മൃഗാശുപത്രി റോഡ് റീ-ടാറിംഗ് |
| അടങ്കൽ:<br>ഫണ്ടിനം : | 300000/- MG(R) |
| ചെലവ്:<br>ബിൽ നം.തീയ്യതി. | 148773/-<br>70/08.07.2020 |
| കരാർ നം. തീയ്യതി | 16/AE/LSGDCHYGP /2019-2020mDtd 02.11.2019 |
| (PAC): | 131333/- |
| കരാറുകാരൻ | ശ്രീ എ.എം. ഷെഫീക്ക് |
| സൈറ്റ് കൈമാറിയ തീയ്യതി | രേഖപ്പെടുത്തിയിട്ടില്ല |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: | 01..05.2020 – 6 മാസം |
| പൂർത്തീകരിച്ച തീയ്യതി: | 11.06.2020 |
| അളവു പുസ്തകം: | 60/2019-020 |
| ആകെ പ്രവൃത്തി മൂല്യം | 148773/- |
| ഈടാക്കേണ്ട പിഴ: 25%<br>(PACയുടെ 1%) | 1313/- |
| ആകെ ഈടാക്കേണ്ടത്: രൂ. | 1313/- |
| ഈടാക്കിയത്: | 0 |
| ആയതിനാൽ ഈടാക്കേണ്ടത്: | 1313/- |

2. 168/21-ഗവ: ഹോസ്പിറ്റൽ താഴത്തെ റോഡ്-റീടാറിംഗ്.

| | |
|---|---|
| പ്രൊജക്റ്റ് നമ്പരും പേരും : | 168/21-ഗവ: ഹോസ്പിറ്റൽ താഴത്തെ റോഡ്-റീടാറിംഗ്. |
| അടങ്കൽ:<br>ഫണ്ടിനം : | 300000/-MG(R) |
| ചെലവ്:<br>ബിൽ നം.തീയ്യതി. | 230214/-<br>71/08.07.2020 |
| കരാർ നം. തീയ്യതി | 18/AE/LSGDCHYGP/2019-2020 Dtd 02.11.2019 |
| (PAC): | 205660/- |
| കരാറുകാരൻ | എ.എം. ഷഫീക്ക് |

| | |
|---|---|
| സൈറ്റ് കൈമാറിയ തീയ്യതി | രേഖപ്പെടുത്തിയിട്ടില്ല |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: | 01. 05.2020 |
| പൂർത്തീകരിച്ച തീയ്യതി: | 29.06.2020 |
| അളവ് പുസ്തകം: | 62/2019-2020 |
| ആകെ പ്രവൃത്തി മൂല്യം | 230214/- |
| ഈടാക്കേണ്ട പിഴ: (PACയുടെ 3%) | 6168/- |
| ആകെ ഈടാക്കേണ്ടത്: രൂ. | 6168/- |
| ഈടാക്കിയത്: | 0 |
| ആയതിനാൽ ഈടാക്കേണ്ടത്: | 6168/- |

3. 73/21- പഴയ പഞ്ചായത്ത് ഓഫീസ് പടിഞ്ഞാറെ പള്ളി റീ -ടാറിംഗ്

| | |
|---|---|
| പ്രൊജക്ട് നമ്പരും പേരും : | 73/21-പഴയ പഞ്ചായത്ത് ഓഫീസ് പടിഞ്ഞാറെ പള്ളി റീ-ടാറിംഗ് |
| അടങ്കൽ:<br>ഫണ്ടിനം : | 490000/- MG(R) |
| ചെലവ്:<br>ബിൽ നം.തീയ്യതി. | 490000/-<br>83/06.08.2020- 387302/-<br>86/11.08.2020- 102698/- |
| കരാർ നം. തീയ്യതി | 30/AE/LSGDCHYGP/2019-2020 Dtd 11.11.2019 |
| (PAC): | 487302/- |
| കരാറുകാരൻ | ശ്രീ സാബിർ . പി.എം. |
| സൈറ്റ് കൈമാറിയ തീയ്യതി | രേഖപ്പെടുത്തിയിട്ടില്ല |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: | 10.05.2020 |
| പൂർത്തീകരിച്ച തീയ്യതി: | 18.05.2020 |
| അളവ് പുസ്തകം: | 61 & 61A /2019-2020 |
| ആകെ പ്രവൃത്തി മൂല്യം | 487302/- |
| ഈടാക്കേണ്ട പിഴ: (PACയുടെ 1%) | 4873/- |
| ആകെ ഈടാക്കേണ്ടത്: രൂ. | 4873/- |
| ഈടാക്കിയത്: | 0 |
| ആയതിനാൽ ഈടാക്കേണ്ടത്: | 4873/- |

4. 157/21 – വിഷവൈദ്യൻ റോഡ് മെറ്റലിംഗ് & ടാറിംഗ്

| | |
|---|---|
| പ്രൊജക്ട് നമ്പരും പേരും : | 157/21 – വിഷവൈദ്യൻ റോഡ് മെറ്റലിംഗ് & ടാറിംഗ് |
| അടങ്കൽ:<br>ഫണ്ടിനം : | 300000/-MG(R) |
| ചെലവ്:<br>ബിൽ നം.തീയ്യതി. | 151227/- |
| കരാർ നം. തീയ്യതി | 17/AE/LSGDCHYGP/2019-2020 Dtd 09.08.2018 |
| (PAC): | 151227/- |
| കരാറുകാരൻ | ശ്രീ ബാലൻ .കെ |
| സൈറ്റ് കൈമാറിയ തീയ്യതി | രേഖപ്പെടുത്തിയിട്ടില്ല |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: | 08. 02.2019 |
| പൂർത്തീകരിച്ച തീയ്യതി: | 11.01.2021 |
| അളവ് പുസ്തകം: | 49/2020-21 |

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം | 151277/- |
| ഈടാക്കേണ്ട പിഴ: (PACയുടെ 3%) | 4536/- |
| ആകെ ഈടാക്കേണ്ടത്: രൂ. | 4536/- |
| ഈടാക്കിയത്: | 0 |
| ആയതിനാൽ ഈടാക്കേണ്ടത്: | 4536/- |

5. 69/21- പോലീസ് സ്റ്റേഷന പിൻവശം റോഡ് റീ -ടാറിംഗ്

| | |
|---|---|
| പ്രൊജക്റ്റ് നമ്പരും പേരും : | 69/21- 1(66/21New)പോലീസ് സ്റ്റേഷന പിൻവശം റോഡ് റീ-ടാറിംഗ് |
| അടങ്കൽ:<br>ഫണ്ടിനം : | 400000/- MG(R) |
| ചെലവ്:<br>ബിൽ നം.തീയ്യതി. | 399557/- |
| കരാർ നം. തീയ്യതി | 02/AE/LSGDCHYGP/2019-2020 Dtd 01.11.2019 |
| (PAC): | 355536.83 |
| കരാറുകാരൻ | ശ്രീ. ടി.കെ ഗോപാലൻ |
| സൈറ്റ് കൈമാറിയ തീയ്യതി | രേഖപ്പെടുത്തിയിട്ടില്ല |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: | 30.04.2020 |
| പൂർത്തീകരിച്ച തീയ്യതി: | 13.05.2020 |
| അളവു പൂസ്തകം: | 60 &60A/2019-2020 |
| ആകെ പ്രവൃത്തി മൂല്യം | 399557/- |
| ഈടാക്കേണ്ട പിഴ: (PACയുടെ 1%) | 3555/- |
| ആകെ ഈടാക്കേണ്ടത്: രൂ. | 3555/- |
| ഈടാക്കിയത്: | 0 |
| ആയതിനാൽ ഈടാക്കേണ്ടത്: | 3555/- |

6. 178/21 - വില്ലേജ് ഓഫീസ് റോഡ് റീ -ടാറിംഗ്

| | |
|---|---|
| പ്രൊജക്റ്റ് നമ്പരും പേരും : | 178/21 - വില്ലേജ് ഓഫീസ് റോഡ് റീ-ടാറിംഗ് |
| അടങ്കൽ:<br>ഫണ്ടിനം : | 350000/- MG(R) |
| ചെലവ്:<br>ബിൽ നം.തീയ്യതി. | 349238/-<br>241/20.01.21 |
| കരാർ നം. തീയ്യതി | 46/AE/LSGDCHYGP/2019-2020 Dtd 15.11.2019 |
| (PAC): | 310319.87 |
| കരാറുകാരൻ | ശ്രീ അജിത്ത് കുമാർ.എം.വി. |
| സൈറ്റ് കൈമാറിയ തീയ്യതി | രേഖപ്പെടുത്തിയിട്ടില്ല |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: | 14. 05.2020 6 മാസം |
| പൂർത്തീകരിച്ച തീയ്യതി: | 30.12.2020 |
| അളവു പൂസ്തകം: | NO.32/2020-21 |
| ആകെ പ്രവൃത്തി മൂല്യം | 349238/- |
| ഈടാക്കേണ്ട പിഴ:<br>ആദ്യത്തെ : (PACയുടെ 3%) | 9309/- |
| ആകെ ഈടാക്കേണ്ടത്: രൂ. | 9309/- |
| ഈടാക്കിയത്: | 0 |

| | |
|---|---|
| ആയതിനാൽ ഈടാക്കേണ്ടത്: | 9309/- |

7. 72/21 കൊല്ലഴിപ്പറമ്പ്റീ -ടാറിംഗ്

| | |
|---|---|
| പ്രൊജക്റ്റ് നമ്പരും പേരും : | 72/21 കൊല്ലഴിപ്പറമ്പ്റീ-ടാറിംഗ് |
| അടങ്കൽ:<br>ഫണ്ടിനം : | 250000/- MG(R) |
| ചെലവ്:<br>ബിൽ നം.തീയ്യതി. | 247520/-<br>82.06.08.2020 |
| കരാർ നം. തീയ്യതി | 05/AE/LSGDCHYGP/2019-2020 Dtd 01.11.2019 |
| (PAC): | 221618.01 |
| കരാറുകാരൻ | ശ്രീ. ടി.കെ ഗോപാലൻ |
| സൈറ്റ് കൈമാറിയ തീയ്യതി | രേഖപ്പെടുത്തിയിട്ടില്ല |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: | 30.04.2020 ( 6 മാസം) |
| പൂർത്തീകരിച്ച തീയ്യതി: | 27.05.2020 |
| അളവ് പുസ്തകം: | 59 & 59A/2020-21 |
| ആകെ പ്രവൃത്തി മൂല്യം | 247520/- |
| ഈടാക്കേണ്ട പിഴ: : (PACയുടെ 1%) | 2216/- |
| ആകെ ഈടാക്കേണ്ടത്: രൂ. | 2216/- |
| ഈടാക്കിയത്: | 0 |
| ആയതിനാൽ ഈടാക്കേണ്ടത്: | 2216/- |

8. 174/21 തിരുത്തുമ്മൽ റോഡ് ഫൊർമേഷൻ

| | |
|---|---|
| പ്രൊജക്റ്റ് നമ്പരും പേരും : | 174/21 തിരുത്തുമ്മൽ റോഡ് ഫൊർമേഷൻ |
| അടങ്കൽ:<br>ഫണ്ടിനം : | 568000/- SCP |
| ചെലവ്:<br>ബിൽ നം.തീയ്യതി. | 536008/-<br>81/05.08.2020 |
| കരാർ നം. തീയ്യതി | 33/AE/LSGDCHYGP/2019-2020 Dtd 15.11.2019 |
| (PAC): | 478579/- |
| കരാറുകാരൻ | ജയപ്രകാശ്. ടി |
| സൈറ്റ് കൈമാറിയ തീയ്യതി | രേഖപ്പെടുത്തിയിട്ടില്ല |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: | 14. 05.2020 |
| പൂർത്തീകരിച്ച തീയ്യതി: | 13.07.2020 ( MB. Page No. 14) |
| അളവ് പുസ്തകം: | 62/2019-2020 |
| ആകെ പ്രവൃത്തി മൂല്യം | 536008/- |
| (PACയുടെ 3%) | 14355/- |
| ആകെ ഈടാക്കേണ്ടത്: രൂ. | 14355/- |
| ഈടാക്കിയത്: | 0 |
| ആയതിനാൽ ഈടാക്കേണ്ടത്: | 14355/- |

9. 82/21- വനിത തൊഴിൽ കേന്ദ്രം റിപ്പയർ

| | |
|---|---|
| പ്രൊജക്റ്റ് നമ്പരും പേരും : | 182/21-വനിത തൊഴിൽ കേന്ദ്രം റിപ്പയർ |
| അടങ്കൽ:<br>ഫണ്ടിനം : | 250000/-<br>തനത് ഫണ്ട് |
| ചെലവ്:<br>ബിൽ നം.തീയ്യതി. | 223000/- |
| കരാർ നം. തീയ്യതി | 33/AE/LSGDCHYGP/2019-2020 Dtd 12.11.2019 |
| (PAC): | 223000/- |

| | |
|---|---|
| കരാറുകാരൻ | ശ്രീ സുരേന്ദ്രൻ .ടി |
| സൈറ്റ് കൈമാറിയ തീയ്യതി | രേഖപ്പെടുത്തിയിട്ടില്ല |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: | 11. 05. 2020 – ( 6 മാസം)<br>TS No 72122/03.10.2019 പ്രകാരം 6 മാസം) |
| പൂർത്തീകരിച്ച തീയ്യതി: | 03.07.2020 |
| അളവ് പുസ്തകം: | 63 & 63B /2019-2020 |
| ആകെ പ്രവൃത്തി മൂല്യം | 223000/- |
| ഈടാക്കേണ്ട പിഴ:<br>(PACയുടെ 3%) | 6690/- |
| ആകെ ഈടാക്കേണ്ടത്: രൂ. | 6690/- |
| ഈടാക്കിയത്: | 0 |
| ആയതിനാൽ ഈടാക്കേണ്ടത്: | 6690/- |

10. KSEB ഓഫീസ് അടിസ്ഥാന സൗകര്യ വികസനം

| | |
|---|---|
| പ്രൊജക്ട് നമ്പരും പേരും : | KSEB ഓഫീസ് അടിസ്ഥാന സൈകര്യ വികസനം |
| അടങ്കൽ:<br>ഫണ്ടിനം : | 200000/- |
| ചെലവ്:<br>ബിൽ നം.തീയ്യതി. | 200000/- |
| കരാർ നം. തീയ്യതി | 12/AE/LSGDCHYGP/2019-2020 Dtd 02.11.2019 |
| (PAC): | |
| കരാറുകാരൻ | ഷെഫീക്ക് എ.എം. |
| സൈറ്റ് കൈമാറിയ തീയ്യതി | രേഖപ്പെടുത്തിയിട്ടില്ല |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: | 01.05.2020- ( 6 മാസം)<br>TS NO.65562/2019-2020 |
| പൂർത്തീകരിച്ച തീയ്യതി: | 23.07.2020 |
| അളവ് പുസ്തകം: | 57 & 57B/2019-020 |
| ആകെ പ്രവൃത്തി മൂല്യം | 200000/- |
| (PACയുടെ 3%) | 6000/- |
| ആകെ ഈടാക്കേണ്ടത്: രൂ. | 6000/- |
| ഈടാക്കിയത്: | 0 |
| ആയതിനാൽ ഈടാക്കേണ്ടത്: | 6000/- |

11. 184/21 കിഴക്കേ പട്ടിശ്ശേരി അങ്കണവാടി ട്രസ്സ് വർക്ക് & ടയിലിംഗ് നമ്പർ 108

| | |
|---|---|
| പ്രൊജക്ട് നമ്പരും പേരും : | 184/21 കിഴക്കേ പട്ടിശ്ശേരി അങ്കണവാടി ട്രസ്സ് വർക്ക് & ടയിലിംഗ് നമ്പർ 108 |
| അടങ്കൽ:<br>ഫണ്ടിനം : | 400000/- MG (NR) |
| ചെലവ്:<br>ബിൽ നം.തീയ്യതി. | 400000/-<br>93/19.08.2020 |
| കരാർ നം. തീയ്യതി | 15/AE/LSGDCHYGP/2019-2020 Dtd 02.11.2019 |
| (PAC): | 400000/- |
| കരാറുകാരൻ | ഷഫീക്ക്. എം.എം |
| സൈറ്റ് കൈമാറിയ തീയ്യതി | രേഖപ്പെടുത്തിയിട്ടില്ല |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: | TSNO.64944/2019-2020 |
| പൂർത്തീകരിച്ച തീയ്യതി: | 29.07.2020 (MB NO. 64B/2019-2020 |

| | |
|---|---|
| | Page No.20) |
| അളവ് പുസ്തകം: | 64,64B &64C /2019-2020 |
| ആകെ പ്രവൃത്തി മൂല്യം | 400000/- |
| (PACയുടെ 3%) | 12000/- |
| ആകെ ഈടാക്കേണ്ടത്: രൂ. | 12000/- |
| ഈടാക്കിയത്: | 0 |
| ആയതിനാൽ ഈടാക്കേണ്ടത്: | 12000/- |

12. 96/2018-209- മുക്കുട്ട കുടിവെള്ള പദ്ധതി

| | |
|---|---|
| പ്രൊജക്റ്റ് നമ്പരും പേരും: | 96/2018-209- മുക്കുട്ട കുടിവെള്ള പദ്ധതി |
| അടങ്കൽ:<br>ഫണ്ടിനം : | 300000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ്:<br>ബിൽ നം.തീയ്യതി. | 298979/-<br>29/06.05.2020 |
| കരാർ നം. തീയ്യതി | 47/AE/LSGDCHYGP/2019-2020 Dtd 26.02.2019 |
| (PAC): | 298979/- |
| കരാറുകാരൻ | ശ്രീ ടി. സുരേന്ദ്രൻ |
| സൈറ്റ് കൈമാറിയ തീയ്യതി | രേഖപ്പെടുത്തിയിട്ടില്ല |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: | 25. 08.2019<br>TS No.40986/2018-18 |
| പൂർത്തീകരിച്ച തീയ്യതി: | 25.03.2020 MB NO. 50/2019-2020 Page No.53 |
| അളവ് പുസ്തകം: | 50/2019-2020 |
| ആകെ പ്രവൃത്തി മൂല്യം | 298979/- |
| (PACയുടെ 3%) | 8967/- |
| ആകെ ഈടാക്കേണ്ടത്: രൂ. | 8967/- |
| ഈടാക്കിയത്: | 0 |
| ആയതിനാൽ ഈടാക്കേണ്ടത്: | 8967/- |

13. SO 64/2018-19- കൊട്ടേക്കാട് കോളനി റോഡ് റീ-ടാറിംഗ് (156/2020-21)

| | |
|---|---|
| പ്രൊജക്റ്റ് നമ്പരും പേരും : | SO 64/2018-19- കൊട്ടേക്കാട് കോളനി റോഡ് റീ-ടാറിംഗ് (156/2020-21) |
| അടങ്കൽ:<br>ഫണ്ടിനം : | 490000/-<br>തനത് ഫണ്ട് |
| ചെലവ്:<br>ബിൽ നം.തീയ്യതി. | 475749/-<br>20/05.05.2020 |
| കരാർ നം. തീയ്യതി | 15/AE/LIDEW/CHY/2018-2019 DTD 09.08.2018 |
| (PAC): | 475749/- |
| കരാറുകാരൻ | ശ്രീ ബാലൻ .കെ |
| സൈറ്റ് കൈമാറിയ തീയ്യതി | രേഖപ്പെടുത്തിയിട്ടില്ല |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: | 08. 02.2019 (TS NO. 14576/18.05.2018- 6 മാസം) |
| പൂർത്തീകരിച്ച തീയ്യതി: | 26.03.2020 |
| അളവ് പുസ്തകം: | 46 & 46 B/2019-2020 |

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം | 475749/- |
| ഈടാക്കേണ്ട പിഴ: (PACയുടെ 3%) | 14271/- |
| ആകെ ഈടാക്കേണ്ടത്: രൂ. | 14271/- |
| ഈടാക്കിയത്: | 0 |
| ആയതിനാൽ ഈടാക്കേണ്ടത്: | 14271/- |

ആകെ 94253/-

മേൽ പറഞ്ഞ മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണകാലയളവ് ദീർഘിപ്പിച്ച നൽകിയതിന് നിയമാനുസൃതം പിഴയീടാക്കാത്ത നടപടിയിൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾക്ക് ( നമ്പർ 11 & 14/17.06.2022) മറുപടി ലഭിച്ചില്ല. ആയതിനാൽ മേൽ പറഞ്ഞ തുക 94253/- രൂപ അതത് പ്രവൃത്തികൾ നിർവഹിച്ച കരാറുകാരിൽ നിന്നോ അല്ലാത്ത പക്ഷം നിർഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിലൊടുക്കണം.

## 1-19 നിശ്ചിത സമയപരിധിയ്ക്കകം കരാർചമയ്ക്കാത്തതിന് നിയമാനുസൃതം പിഴ ഈടാക്കിയിട്ടില്ല-

കേരള പൊതുമരാമത്ത് മാന്വലിലെ വകുപ്പ് 2009.6 പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം മുതൽ 10 ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ കരാർ തുകയുടെ 1% പിഴ ഈടാക്കേണ്ടതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിൽ കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽകൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

